LIBRARY ARCHIVES Kerala Legislative Assembly

എഴിക്കകത്ത് ജംഗ്ഷൻ മുതൽ ഗവൺമെന്റ് ആശുപത്രി വരെയുള്ള റോഡിന്റെ ഓടയുടെ അറ്റകുറ്റപ്പണി

71 [5726] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ എഴിക്കകത്ത് ജംഗ്ഷൻ മുതൽ ഗവൺമെന്റ് ആശുപത്രി വരെയുള്ള റോഡിന് ഓട സൗകര്യം അപര്യാപ്തമാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പൊതുമരാമത്ത് വകുപ്പ് റോഡിനോട് ചേർന്നുള്ള ഓട ആഴം കൂട്ടി അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹണ്ടിന്റെ ലഭ്യത അനുസരിച്ചും ജില്ലാതല മുൻഗണനയനുസരിച്ചും പ്രസ്തുത പണി ഏറ്റെടുത്തു നടത്തുന്നതാണ്.

ഇലക്ട്രിക്കൽ വിഭാഗം സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുവാൻ നടപടി

72 [5728] ശ്രീ. കെ. കെ. ഷാജു:
,, എ. എൻ. രാജൻ ബാബു:
,, ഷിബു ബേബിജോൺ:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗം സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുവാൻ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം കാറ്റഗറികളുടെ സ്പെഷ്യൽ റൂൾസ് ആണ് ഭേദഗതിക്കായി പരിഗണിക്കുന്നത്;

(സി) സൂപ്രണ്ടിംഗ് എഞ്ചിനീയർ(ഇലക്ട്രിക്കൽ) തസ്തികയ്ക്ക് സ്പെഷ്യൽ റൂൾസ് അംഗീകരിച്ചിട്ടുണ്ടോ;

(ഡി) ഏതെങ്കിലും വിഭാഗത്തിലെ സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ജി. ഒ. (എംഎസ്.) നമ്പർ 29/98/പി. ഡബ്ല്യു.ഡി.&ടി. തീയതി 5-5-1998 പ്രകാരമുള്ള വയർമാൻ, ഇലക്ട്രീഷ്യൻ തസ്തികകൾക്കുള്ള സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) അസിസ്റ്റന്റ് ലൈൻമാൻ തസ്തിക ഒഴിവാക്കുകയും, 1998-ലെ പേ റിവിഷൻ ഉത്തരവ് പ്രകാരം ഗ്രേഡ് ഒന്നും രണ്ടും ലൈൻമാൻ തസ്തികകൾ വെയിപ്പിച്ച് ലൈൻമാൻ എന്ന് പുനർനാമകരണം ചെയ്യുകയും, തുടർന്ന് അസിസ്റ്റന്റ് ഹെൽപ്പർ തസ്തിക നിർത്തലാക്കുകയും ചെയ്തതിനെത്തുടർന്ന് വേണ്ടി വന്ന മാറ്റങ്ങൾ സ്പെഷ്യൽ റൂളിൽ ഉൾക്കൊള്ളിക്കുവാനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. കൂടാതെ ലൈൻമാൻ തസ്തികയിൽ 25% ഹെൽപ്പർ തസ്തികയിലുള്ള ജീവനക്കാരുടെ പ്രൊമോഷന് വേണ്ടിയും ബാക്കി പി. എസ്. സി. മുഖേനയുള്ള നിയമനത്തിനു വേണ്ടിയും മാറ്റിവയ്ക്കുന്നതിനുള്ള പ്രൊപ്പോസലും, ഹെൽപ്പർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള യോഗ്യത പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശവും സർക്കാർ പരിഗണനയിലാണ്. ഇതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചു വരുന്നു.

(ബി) ഹെൽപ്പർ, അസിസ്റ്റന്റ് ലൈൻമാൻ, ലൈൻമാൻ തുടങ്ങിയ ഏഴു കാറ്റഗറികളുൾപ്പെടുന്ന "കേരളാ എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവീസ്, ഇലക്ട്രിക്കൽ, സ്പെഷ്യൽ റൂൾസ്" ആണ് ഭേദഗതിക്കായി പരിഗണിക്കുന്നത്.

(സി) ഇല്ല. നിർദ്ദേശം പരിഗണനയിലാണ്.

(ഡി) മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

പ്രൈമറി വിഭാഗത്തിലെ സിലബസ് ഏകീകരണം

73 [5732] ശ്രീ. ലൂഡി ലൂയിസ്:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എ. പി. അനിൽകുമാർ:
" ടി. വി. ചന്ദ്രമോഹൻ:
" ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺഎയ്ഡഡ് സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിലെ സിലബസ്സും ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിലെ സിലബസ്സും ഒന്നു തന്നെയാണോ;

(ബി) അൺഎയ്ഡഡ് വിഭാഗത്തിലെ പ്രൈമറി സെക്ഷനിലെ വിദ്യാർത്ഥികൾ ഭാരമേറിയ നിരവധി ബുക്കുകൾ വഹിച്ചുകൊണ്ട് ക്ലാസ്സുകളിൽ പോകുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly